ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE:23.02.2025

1. നിർമിത ബുദ്ധിയിൽ രാജ്യം അതിവേഗം ശക്തമായ സാന്നിദ്ധ്യം ഉറപ്പിക്കുമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി; ബഹിരാകാശ രംഗത്ത് ഇന്ത്യ ഉയരങ്ങൾ കീഴടക്കുകയാണെന്നും പരാമർശം.
2. ഇന്ത്യൻ സംസ്കാരത്തിൽ സ്ത്രീകളോടുള്ള ബഹുമാനം പരമപ്രധാനമെന്ന് പ്രധാനമന്ത്രി; -ആരോഗ്യമുള്ള രാഷ്ട്രമാകാൻ അമിതവണ്ണത്തിനും പൊണ്ണത്തടിക്കുമെതിരെ പോരാടണമെന്നും പ്രധാനമന്ത്രി.
3. ചൂരൽമല-മുണ്ടക്കൈ പുനരധിവാസത്തിനുള്ള രണ്ടാം കരട് പട്ടിക തയ്യാറായി; സംസ്ഥാന സർക്കാർ ദുരന്ത ബാധിതർക്കൊപ്പമെന്ന് മന്ത്രി കെ രാജൻ.
4. സംസ്ഥാനത്തെ 28 തദ്ദേശ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ്; 87 പേർ മത്സര രംഗത്ത്.
5. ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ആവേശമുണർത്തി ഇന്ന് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം; മത്സരം ഉച്ചയ്ക്ക് 2.30-ന് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ.

***************************************************************************

RNU TVPM

## മൻ കി ബാത്ത് – എഐ (ഇൻട്രോ)

നിർമിത ബുദ്ധിയിൽ രാജ്യം അതിവേഗം ശക്തമായ സാന്നിദ്ധ്യം ഉറപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബഹിരാകാശ മേഖലയിലും നിർമ്മിത ബുദ്ധിയിലും യുവാക്കളുടെ പങ്കാളിത്തം വർദ്ധിക്കുന്നതിലൂടെ ഒരു പുതിയ വിപ്ലവം ജനിക്കുകയാണെന്നും ശ്രീ മോദി പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

ഇന്ത്യ ബഹിരാകാശത്ത് നേടിയ അത്ഭുതകരമായ സെഞ്ചുറിയെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ് പ്രധാനമന്ത്രി മൻ കി ബാത്തിൻറെ 119-ാം അധ്യായം ആരംഭിച്ചത്. ഐഎസ്ആർഒ നൂറാമത്തെ റോക്കറ്റ് വിക്ഷേപിച്ചത് ബഹിരാകാശ ശാസ്ത്രത്തിൽ പുതിയ ഉയരങ്ങൾ കീഴടക്കാനുള്ള നമ്മുടെ ദൃഢനിശ്ചയത്തിൻറെ പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

ഇന്ത്യൻ ബഹിരാകാശ ശാസ്ത്രജ്ഞരുടെ സംഘത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുന്നതിലും യുവാക്കൾക്ക് ഈ മേഖല പ്രിയപ്പെട്ടതായി മാറുന്നതിലും തനിക്ക് സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

***************************************************************

## മൻ കി ബാത്ത് - ദേശീയ ശാസ്ത്ര ദിനം

കുട്ടികൾക്കും യുവാക്കൾക്കും ശാസ്ത്രത്തിൽ താൽപ്പര്യവും അഭിനിവേശവും ഉണ്ടായിരിക്കേണ്ടത് വളരെ പ്രധാനമാണെന്ന് 'ദേശീയ ശാസ്ത്ര ദിനം' ആഘോഷിക്കാൻ ഒരുങ്ങുന്നതിന് മുന്നോടിയായി പ്രധാനമന്ത്രി പറഞ്ഞു. ഒരു ശാസ്ത്രജ്ഞനായി ഒരു ദിവസം ചെലവഴിക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം കുട്ടികളോട് ആഹ്വാനം ചെയ്തു.

***************************************************************

## <u>മൻ കി ബാത്ത് – വനിതാദിനം (ഇൻട്രോ)</u>

ഇന്ത്യൻ സംസ്കാരത്തിൽ, സ്ത്രീകളോടുള്ള ബഹുമാനം പരമപ്രധാനമാണെന്ന് മാർച്ച് എട്ടിന് വനിതാദിനം ആഘോഷിക്കുന്നതിന് മുന്നോടിയായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. സ്വാതന്ത്ര്യസമരത്തിലും ഭരണഘടനാ നിർമ്മാണത്തിലും രാജ്യത്തിൻറെ മാതൃശക്തി വലിയ പങ്കു വഹിച്ചിട്ടുണ്ടെന്നും ശ്രീ മോദി വ്യക്തമാക്കി.

**(ഹോൾഡ് ഫോർ വോയ്സ്)**

ഈ വനിതാ ദിനത്തിൽ, തൻറെ സമൂഹ മാധ്യമ അക്കൗണ്ടുകൾ രാജ്യത്തെ പ്രചോദനാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് ഒരു ദിവസത്തേക്ക് കൈമാറുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

*************************************************************

## <u>മൻ കി ബാത്ത് – ദേശീയ ഗെയിംസ്</u>

യുവകായികതാരങ്ങളുടെ ദൃഢനിശ്ചയത്തിലൂടെ ഇന്ത്യ ഒരു ആഗോള കായിക ശക്തി കേന്ദ്രമായി മാറുന്നതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. ഉത്തരാഖണ്ഡിൽ നടന്ന ദേശീയ ഗെയിംസിൽ ഏറ്റവും കൂടുതൽ സ്വർണ്ണം നേടിയ സർവീസസിനെ ശ്രീ മോദി അഭിനന്ദിച്ചു.

PNU TVPM

*************************************************************

## <u>മൻ കി ബാത്ത് – പൊണ്ണത്തടി (ഇൻട്രോ)</u>

ആരോഗ്യമുള്ള രാഷ്ട്രമായി മാറണമെങ്കിൽ, നാം അമിതവണ്ണത്തിനും പൊണ്ണത്തടിക്കുമെതിരെ പോരാടണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭക്ഷ്യഎണ്ണയുടെ ഉപഭോഗം കുറയ്ക്കണമെന്നും അദ്ദേഹം മൻ കി ബാത്തിൽ ആവശ്യപ്പെട്ടു. പൊണ്ണത്തടിയെ അതിജീവിച്ച നീരജ് ചോപ്രയുടേതടക്കം നിരവധി പേരുടെ അനുഭവങ്ങൾ പ്രധാനമന്ത്രി പങ്കുവച്ചു.

**(ഹോൾഡ് ഫോർ വോയ്സ്)**

വന്യജീവി സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ പ്രോത്സാഹിപ്പിക്കണമെന്ന് ലോക വന്യജീവി ദിനാചരണത്തിൻറെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

**********************************************************

**<u>മൻ കി ബാത്ത് – പരീക്ഷാ പേ ചർച്ച (ഇൻട്രോ)</u>**

ഈ പരീക്ഷാ കാലത്ത് പരീക്ഷ എഴുതുന്ന എല്ലാ കുട്ടികൾക്കും, ആശംസകൾ നേരുന്നതായി പ്രധാനമന്ത്രി പറഞ്ഞു. സമ്മർദ്ദമില്ലാതെ പോസിറ്റീവ് മനോഭാവത്തോടെയാവണം പരീക്ഷ എഴുതേണ്ടതെന്നും ശ്രീ മോദി പറഞ്ഞു. ആരോഗ്യത്തോടെയും ആനന്ദത്തോടെയും ഇരിക്കാൻ ആഹ്വാനം ചെയ്തു കൊണ്ടാണ് പ്രധാനമന്ത്രി മൻ കി ബാത്തിൻറെ ഈ മാസത്തെ അധ്യായം ഉപസംഹരിച്ചത്.

PNU TVPM

**********************************************************

**<u>WAYANAD PRIORITY LIST</u>**

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്ത മേഖലയിൽ നോ ഗോ സോൺ പ്രദേശത്തെ കരട് പട്ടിക തയ്യാറായി. വാസയോഗ്യമല്ലാത്ത വീടുകൾ ഉൾപ്പെടുന്നവരുടെ പട്ടികയാണ് പുറത്തിറക്കിയത്. 81 കുടുംബങ്ങൾ കരടു പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികയിൽ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 10 ദിവസത്തിനകം ഉന്നയിക്കാൻ അവസരമുണ്ട്.

**********************************************************

**<u>മന്ത്രി കെ രാജൻ - ചൂരൽമല ( INTRO)</u>**

വയനാട് ചൂരൽമല ദുരന്ത ബാധിതർക്കൊപ്പമാണ് സംസ്ഥാന സർക്കാരെന്നും ലഭ്യമായ എല്ലാ സഹായവും നൽകുന്നതിൽ പ്രതിജ്ഞ ബദ്ധമാണെന്നും മന്ത്രി കെ രാജൻ . ഏറ്റവും സുതാര്യമായ നടപടികളാണ്

സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്നും മന്ത്രി തൃശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

****************************************************************************

**ചൂരൽമല - സംഘർഷാവസ്ഥ**

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് "ജനശബ്ദം ആക്ഷൻ" നടത്തുന്ന സമരം പോലീസ് തടഞ്ഞു. സമരത്തിൻ്റെ ഭാഗമായി നടത്തിയ മാർച്ച് ആണ് പോലീസ് തടഞ്ഞത്.

****************************************************************************

**മുഖ്യമന്ത്രി - ഹൊസ്ദുർഗ്**

കേസുകൾ അനന്തമായി നീളുന്നത് ജനങ്ങൾക്ക് ജുഡീഷ്യറിയിലുള്ള വിശ്വാസം നഷ്ട്ടപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഹൊസ്ദുർഗ്ഗ് കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. എത്രയും വേഗം നീതി നടപ്പാക്കി, സാധാരണക്കാർക്ക് നീതി ലഭ്യമാകുന്ന ഇടങ്ങളായി ജുഡീഷ്യൽ സ്ഥാപനങ്ങൾ മാറണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

RIUTVPM

****************************************************************************

**തദ്ദേശ തിരഞ്ഞെടുപ്പ്- സംസ്ഥാനം**

സംസ്ഥാനത്തെ 28 തദ്ദേശ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ് നടക്കും. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് മണിവരെയാണ് പോളിംഗ്. വയനാട് ഒഴികെയുള്ള ജില്ലകളിലാണ് തിരഞ്ഞെടുപ്പ്. വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി 87 സ്ഥാനാർത്ഥികൾ ജനവിധി തേടുന്നു. ആകെ 77 പോളിങ് ബൂത്തുകളാണുള്ളത്. വോട്ടെണ്ണൽ ഈ മാസം 25-ന് നടക്കും.

******************************************************************

**ICC-IND-PAK**

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ ആവേശപ്പോരാട്ടം. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30-നാണ് മത്സരം. ഇന്ന് ജയിച്ചാൽ ഇന്ത്യയ്ക്ക് സെമി ബർത്ത് ഏറെക്കുറെ ഉറപ്പാക്കാം. അതേസമയം, പാകിസ്ഥാന് ഇന്നത്തെ മത്സരവും വിജയിച്ചില്ലെങ്കിൽ പുറത്തേക്കുള്ള വഴി തെളിയും.

******************************************************************

**ISL**

ISL ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ മോഹൻബഗാൻ-ഒഡീഷയെ നേരിടും. രാത്രി 7.30-നാണ് മത്സരം.

RNU TVPM

******************************************************************

**കമലേഷ് പാസ്വാൻ - ലക്ഷദ്വീപ്**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രസഹമന്ത്രി കമലേഷ് പാസ്വാൻ ലക്ഷദ്വീപിലെത്തി. ദ്വീപിലെ വനിതാ സ്വയം സഹായ സംഘങ്ങൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവരുമായി കേന്ദ്രസഹമന്ത്രി ആശയവിനിമയം നടത്തി. ലക്ഷദ്വീപിൽ നടപ്പാക്കുന്ന വിവിധ കേന്ദ്ര പദ്ധതികളെക്കുറിച്ചും അദ്ദേഹം വിലയിരുത്തി.

******************************************************************

**അന്താരാഷ്ട്ര നാടകോത്സവം**

പതിനഞ്ചാമത് കേരള അന്താരാഷ്ട്ര നാടകോത്സവം ഇറ്റ്-ഫോക് 2025 ന് ഇന്ന് തൃശ്ശൂരിൽ തുടക്കമാകും. മന്ത്രി സജി ചെറിയാൻ ഉത്ഘാടനം നിർവഹിക്കും. പതിനഞ്ച് നാടകങ്ങൾ എട്ടു ദിവസങ്ങളിലായി ഇത്തവണ

അരങ്ങിലെത്തും. മൂന്ന് വേദികളിലായി 34 പ്രദർശനങ്ങൾ നടക്കും.

***********************************************

## ഫ്രാൻസിസ് മാർപ്പാപ്പ

ഫ്രാൻസിസ് മാർപ്പാപ്പയുടെ ആരോഗ്യനില ഗുരുതരമായി തുടരുന്നു. അസുഖബാധയെത്തുടർന്ന് ഒരാഴ്ചയായി ആശുപത്രിയിൽ കഴിയുന്ന 88 കാരനായ ഫ്രാൻസിസ് മാർപാപ്പക്ക് വേണ്ടി നിരവധി വിശ്വാസികൾ പ്രത്യേക പ്രാർത്ഥനകൾ അർപ്പിക്കുന്നുണ്ട്.

***********************************************

## മാലിന്യപ്ലാന്റ്- എം.ബി.രാജേഷ്

കണ്ണൂർ കൂത്തുപറമ്പ് വലിയ വെളിച്ചം വ്യവസായകേന്ദ്രത്തിൽ, മാലിന്യ സംസ്കരണ പ്ലാൻ്റിൻ്റെ ഉദ്ഘാടനം , മന്ത്രി M B രാജേഷ് നാളെ നിർവഹിക്കും. ഹരിതകർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് കവറുകളുടെ പുനഃചംക്രമണമാണ് യൂണിറ്റിൽ നടക്കുക.

RIU TVPM

***********************************************

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ് മറ്റന്നാൾ തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിൽ നടക്കും. ചെട്ടിയാർ സമുദായത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടിയുടെ പുനഃപരിശോധന, കളരിക്കുറിപ്പ് കളരിപ്പണിക്കർ സമുദായത്തെ സ്വതന്ത്ര സമുദായമായി സർക്കാർ പരിഗണിക്കുക തുടങ്ങി വിവിധ ഹർജികൾ കമ്മീഷൻ പരിഗണിക്കും.

*****************************************************************

*****

******************************